www.cdit.org

# സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി

ചിത്രാഞ്ജലി ഹിൽസ് , തിരുവല്ലം , തിരുവനന്തപുരം -695027

40/എ3/അഡ്മിൻ/സി-ഡിറ്റ് /2025 21.05.2025

## പരിപത്രം

വിഷയം : സി-ഡിറ്റ് ജീവനക്കാർക്കുള്ള ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി- ജീവനക്കാരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നത് -സംബന്ധിച്ച്.

സി-ഡിറ്റിലെ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നതിന് സി-ഡിറ്റ് തീരുമാനിച്ചിരുന്നു. ആയതിലേക്കായി 27.01.2025 ന് സി-ഡിറ്റും M/s. AnandRathi എന്ന സ്ഥാപനവുമായി MOU ഒപ്പ് വച്ചിരുന്നു. ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നതിനുള്ള അസസ്മെന്റിനായി ഇൻഷുറൻസ് പരിരക്ഷ ആവശ്യമുള്ള റെഗുലർ / താത്കാലിക കരാർ ജീവനക്കാരിൽ നിന്നും അവരുടെ കുടുംബാംഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതിന് ആവശ്യപ്പെട്ടിരിക്കുകയാണ്.

ആയതിലേക്കായി ഒരു ഗൂഗിൾ ഫോം തയ്യാറാക്കിയിട്ടുണ്ട്. ജീവനക്കാരൻ/ജീവനക്കാരി, പങ്കാളി , മൂന്നു വരെ കുട്ടികൾ, രണ്ട് dependents എന്നിവരുടെ പേരു വിവരങ്ങൾ നല്കാൻ കഴിയും. ഗൂഗിൾ ഫോമിന്റെ ലിങ്ക് **https://forms.gle/k2xMtwc5MySbq6N97** ഇതോടൊപ്പം ചേർക്കുന്നു. എല്ലാ ജീവനക്കാരും മെയ് 31 നകം അവരവരുടെ ജിമെയിലിൽ ലോഗിൻ ചെയ്തു ഈ ലിങ്ക് വഴി വിവരങ്ങൾ നൽകേണ്ടതാണ്. ഇൻഷുറൻസ് പ്രീമിയം , വ്യവസ്ഥകൾ എന്നിവ ഈ വിവരങ്ങൾ വിശകലനം ചെയ്തശേഷം അറിയിക്കുന്നതാണ്

To

എല്ലാ റെഗുലർ/താത്കാലിക കരാർ ജീവനക്കാർക്കും

രജിസ്ട്രാർ
സിഡിറ്റ്

**പകർപ്പ്**

ഡയറക്ടർ/ രജിസ്ട്രാർ ഓഫീസുകൾ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ /ഫിനാൻസ് ഓഫീസർ
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവിമാർക്കും